# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജൂൺ 19, ചൊവ്വ

**നമ്പർ 134**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

പോലീസിലെ ചില ഉന്നത ഉദ്യോഗസ്ഥർ നിരവധി പോലീസ് സേനാംഗങ്ങളെ നിയമവിരുദ്ധമായി തങ്ങളുടെ സ്വകാര്യാവശ്യങ്ങൾക്കായി ജോലി ചെയ്യിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. മുരളീധരനും മറ്റ് മൂന്നംഗങ്ങളും ചേർന്ന് ഒരു അടിയന്തിരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാനത്ത് ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെയും ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. ജി. എസ്. ജയലാൽ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തിന്റെ വയോജനനയം പരിഷ്കരിക്കേണ്ടതിന്റെയും ഒരു വയോജന ക്ഷേമ വകുപ്പ് രൂപീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. റോഷി അഗസ്റ്റിൻ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1330/2018 (i).

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഷഹീറിനെ വെട്ടിപ്പരിക്കേല്പിച്ച സംഭവം | മുഖ്യമന്ത്രിയ്ക്കുവേണ്ടി സഹകരണവും ദേവസ്വവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എം. ഉമ്മർ | ട്രെയിനിന് നേർക്കുള്ള കല്ലേറ് | മുഖ്യമന്ത്രിയ്ക്കുവേണ്ടി സഹകരണവും ദേവസ്വവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 3 | ശ്രീ. അനിൽ അക്കര | പത്തനാപുരത്ത് യുവാവിനെ മർദ്ദിച്ചത് | മുഖ്യമന്ത്രിയ്ക്കുവേണ്ടി സഹകരണവും ദേവസ്വവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. പി. അനിൽ കുമാർ | മമ്പാട്-ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ പുനർനിർമ്മാണം | ജലവിഭവവകുപ്പുമന്ത്രി |
| 5 | ശ്രീമതി വീണാ ജോർജ്ജ് | പത്തനംതിട്ട ജില്ലയിലെ റീസർവ്വേ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. പി. കെ. ബഷീർ | ചാലിയാർ എടവണ്ണ പഞ്ചായത്തിലെ കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. സി. ജോർജ് | പാറത്തോട് ഗ്രാമപഞ്ചായത്തിൽ ചുഴലിക്കാറ്റ് മൂലമുള്ള നാശനഷ്ടം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി പി. അയിഷാ പോറ്റി | മലബാർ മേഖലയിലെ വിവാഹിതരായ സ്കൂൾ വിദ്യാർത്ഥിനികൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റ് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. മുഹമ്മദ് മുഹസിൻ. പി. | ആർ.സി.സി.യിൽ വേദന സംഹാരികൾ ലഭ്യമാക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ചട്ടം 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണം :

ശ്രീ. അനിൽ അക്കര ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയം സംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ ചട്ടം 288 പ്രകാരം വ്യക്തിപരമായ ഒരു വിശദീകരണം നടത്തി.

മേശപ്പുറത്തു വച്ച കടലാസുകൾ:

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വച്ചു:

(1) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2016-17 വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്.

(2) ചട്ടം 236 (5)പ്രകാരം

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2016-17 | 1 | 17 |
| II—ഭൂനികുതിയും ദേവസ്വവും | 2015-16 | 5 | 1, 7, 13, 31, 32 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2015-16 | 5 | 19 |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2016-17 | 1 | 1, 2 |
| IV—വ്യവസായവും ധാതുക്കളും | 2015-16 | 5 | 9 മുതൽ 15 വരെ |
| XII—ആരോഗ്യവും കുടുംബക്ഷേമവും | 2015-16 | 5 | 36, 37, 38, 39, 50, 51 |
| IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 30 |
| VI—വിദ്യാഭ്യാസം | 2013-14 | 3 | 20, 21, 22, 24, 25, 27, 29, 30, 34, 62 |
| | 2015-16 | 5 | 41 |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2015-16 | 5 | 35 |

റിപ്പോർട്ടുകളുടെ സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(3) 2018-ലെ കേരള അബ്കാരി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.

(4) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(5) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(6) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനഞ്ചു മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ.

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:

സംസ്ഥാനത്തെ കാലവർഷക്കെടുതികൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളും സംബന്ധിച്ച് മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ചട്ടം 300 അനുസരിച്ചുള്ള ഒരു പ്രസ്താവന നടത്തി.

നിയമനിർമ്മാണകാര്യം :

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും :

വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

പ്രസ്തുത ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ സർവ്വശ്രീ പി. കെ. അബ്ദു റബ്ബ്, കെ. സി. ജോസഫ് എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജെയിംസ് മാത്യു ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എം. സ്വരാജും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എം. വിൻസെന്റും അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. മമ്മൂട്ടിയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. അനൂപ് ജേക്കബ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. പി. സജീന്ദ്രനും അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ജെയിംസ് മാത്യുവും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സി. ദിവാകരനും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

I. <u>2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ:</u>

<u>രണ്ടാം വകുപ്പ്</u>

1. In section 31 (3) (b) proposed to be substituted in the Principal Act by Clause 2, the words "the age " shall be substituted with the words "retirement age".

2. In the first proviso to section 31 (3) (b) proposed to be substituted in the Principal Act by Clause 2, after the word "contract, add the word "basis."

3. In the Second Proviso to Section 31 (3)(b) proposed to be substituted in the Principal Act by Clause 2, the words "selection committee" shall be substituted with the words "Selection Committee".

II. 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ:

രണ്ടാം വകുപ്പ്

In item (5) under the heading "Other Members" in section 17 proposed to be inserted in the Principal Act by Clause 2(b), for the word "from" substitute the words "who shall be an expert in".

III. 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ:

രണ്ടാം വകുപ്പ്

ഖണ്ഡം 2(1)-ൽ "ഒരു നികായം" എന്നത് "ഒരു താൽകാലിക നികായം" എന്ന് മാറ്റുക.

2018 ജൂൺ 20-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.34-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

( Brief Record of Proceedings )

*Tuesday, June 19, 2018*

**No.134**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minster, the Speaker withheld consent to the moving of an adjournment motion given notice of by Shri K. Muraleedharan and three other Members regarding the serious situation reported to have arisen due to the unlawful deployment of police personal by some higher officer of the department for their personal service.

In protest against the attitude of the Government in the matter, the Members belonging to the opposition staged a walk out.

*Calling Attention:*

(I) Shri G. S. Jayalal called the attention of the Minister for Health and Social Justice to the necessity to ensure the quality of medicines and to regulate the price of life saving medicines in the State. The Minister made a statement thereto.

(2) Shri Roshy Augustine called the attention of the Minister for Health and Social Justice to the necessity to reform the State Old Age Police and to form a department for the welfare of old aged. The Minister made a statement thereto.

*Matters raised under Rule 304 :*

The matters raised under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഷഹീറിനെ വെട്ടിപ്പരിക്കേല്പിച്ച സംഭവം | മുഖ്യമന്ത്രിയ്ക്കുവേണ്ടി സഹകരണവും ദേവസ്വവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എം. ഉമ്മർ | ട്രെയിനിന് നേർക്കുള്ള കല്ലേറ് | മുഖ്യമന്ത്രിയ്ക്കുവേണ്ടി സഹകരണവും ദേവസ്വവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 3 | ശ്രീ. അനിൽ അക്കര | പത്തനാപുരത്ത് യുവാവിനെ മർദ്ദിച്ചത് | മുഖ്യമന്ത്രിയ്ക്കുവേണ്ടി സഹകരണവും ദേവസ്വവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. പി. അനിൽ കുമാർ | മമ്പാട്-ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ പുനർനിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീമതി വീണാ ജോർജ്ജ് | പത്തനംതിട്ട ജില്ലയിലെ റീസർവ്വേ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. പി. കെ. ബഷീർ | ചാലിയാർ എടവണ്ണ പഞ്ചായത്തിലെ കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. സി. ജോർജ് | പാറത്തോട് ഗ്രാമപഞ്ചായത്തിൽ ചുഴലിക്കാറ്റ്മൂലമുള്ള നാശനഷ്ടം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി പി. അയിഷാ പോറ്റി | മലബാർ മേഖലയിലെ വിവാഹിതരായ സ്കൂൾ വിദ്യാർത്ഥിനികൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റ് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. മുഹമ്മദ് മുഹസിൻ പി. | ആർ.സി.സി-യിൽ വേദന സംഹാരികൾ ലഭ്യമാക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Personal explanation under Rule 288:*

Shri.K.B.Ganesh Kumar made a personal explanation under Rule 288 regarding the matter raised by Shri Anil Akkara under Rule 304.

*Papers laid on the Table:*

The following papers were laid on the table.

(1) The Report of the Comptroller and Auditor General of India on Public Undertakings for the year 2016-17.

(2) As per Rule 236 (5)

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പര് |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2016-17 | 1 | 17 |
| II—ഭൂനികുതിയും ദേവസ്വവും | 2015-16 | 5 | 1, 7, 13, 31, 32 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2015-16 | 5 | 19 |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2016-17 | 1 | 1, 2 |
| IV—വ്യവസായവും ധാതുക്കളും | 2015-16 | 5 | 9 മുതൽ 15 വരെ |
| XII—ആരോഗ്യവും കുടുംബക്ഷേമവും | 2015-16 | 5 | 36, 37, 38, 39, 50, 51 |
| IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 30 |
| VI—വിദ്യാഭ്യാസം | 2013-14 | 3 | 20, 21, 22, 24, 25, 27, 29, 30, 34, 62 |
| | 2015-16 | 5 | 41 |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2015-16 | 5 | 35 |

*Presentation of Reports:*

The following Reports were presented:

(1) The Report of the Subject Committee-VI on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-18.

(2) The Periodical Report of Subject Committee-VI as on 31st March 2018.

(3) The Report of the Subject Committee-VIII on the Kerala Abkari (Amendment) Bill, 2018.

(4) The Report of the Subject Committee-XI on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-18.

(5) The Periodical Report of the Subject Committee-XI as on 31st March 2018.

(6) The Fifteenth to Seventeenth Reports of the Committee on Estimates.

*Statement under Rule 300:*

Shri E. Chandrasekharan, Minister for Revenue and Housing, on behalf of the Chief Minister, made a statement under rule 300 regarding the relief measures taken by the Government and the assistance schemes proposed to solve the monsoon havoc in the State.

*Legislative Business:*

I. Motion for consideration and further stages of the following Bills as reported by the Subject Committee

Prof. C. Raveendranath, Minister for Education moved the motion that the Kerala Sree Sankaracharya University of Sanskrit (Amendment) Bill,2018, the Kerala University (Amendment) Bill,2018 and the Keala University (Alternate Arrangement Temporarily of Senate and Syndicate) Bill,2018 as reported by the Subject Committee be taken up for consideration.

Shri P. K. Abdu Rabb, and Shri K. C. Joseph who had recorded notes of dissent to the Subject Committee Reports also spoke.

Shri M. Swaraj as authorised by Shri James Mathew moved an amendment to circulate the Kerala Sree Sankaracharya University of Sanskrit (Amendment) Bill,2018, as reported by the Subject Committee for obtaining public opinion and Shri M.Vincent moved another amendment to recommit the Bill to the same Subject Committee and spoke.

Shri C. Mammutty moved an amendment to circulate the Kerala University (Amendment) Bill,2018 as reported by the Subject Committee for obtaining public opinion and Shri V. P. Sajeendran as authorised by Anoop Jacob moved another amendment to recommit the Bill to the same Subject Committee and spoke.

Shri James Mathew as authorised by Shri M. Mukesh moved an amendment to circulate the Kerala University (Alternate Arrangement Temporarily of Senate and Syndicate) Bill,2018 as reported by the Subject Committee for obtaining public opinion and Shri C. Divakaran moved another amendment to recommit the Bill to the same Subject Committee and spoke.

After the discussion and reply by the Minister the amendments moved were withdrawn by the leave of the House. Then the motions were adopted and Bills were considered clause by clause and passed by the House with the following amendments:

I. The Kerala Sree Sankaracharya University of Sanskrit (Amendment) Bill,2018:

*clause 2*

1. In section 31 (3) (b) proposed to be substituted in the Principal Act by clause 2, the words " the age " shall be substituted with the words " retirement age".
2. In the first proviso to section 31 (3) (b) proposed to be substituted in the Principal Act by clause 2, after the word " contract" , add the word " basis."
3. In the Second Proviso to Section 31(3)(b) proposed to be substituted in the Principal Act by Clause 2, the words " selection committee" shall be substituted with the words " Selection Committee."

II. The Kerala University (Amendment) Bill,2018:

*clause 2*

In item (5) under the heading " Other Members" in section 17 proposed to be inserted in the Principal Act by clause 2(b), for the word " from" substitute the words " who shall be an expert in".

III. <u>The Keala University (Alternate Arrangement Temporarily of Senate and Syndicate) Bill, 2018:</u>

*clause 2*

ഖണ്ഡം 2(1)-ൽ "ഒരു നികായം" എന്നത് "ഒരു താല്ക്കാലിക നികായം" എന്ന് മാറ്റുക.

The House adjourned at 3.34 p.m. to meet again at 8.30 a.m. on Wednesday, June 20, 2018.

V. K. BABU PRAKASH,
*Secretary*.